കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1508/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി :19/11/2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1508/2019 തീയതി: 19/11/2019

## കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018 – 2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.07.2018 മുതൽ 20.09.2019 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.9.2019. മുതൽ 4.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു, | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീമതി.ബിജിവർഗ്ഗീസ് | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീമതി.റ്റി.സിന്ധു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. സുനിതാ സെബാസ്റ്റ്യൻ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആർ.ആനന്ദരാജൻ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.അരുൺ അലക്സാണ്ടർ | 1.4.2018 മുതൽ 31.3.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഉഷാകുമാരി | 1.4.2018 മുതൽ 29.8.2018 വരെ |
| | ശ്രീമതി.ഷീജ. ബി.റാണി | 30.8.2018 മുതൽ 6.3.2019 വരെ |
| | ശ്രീമതി. ആതിരാബാബു | 7.3.2019 മുതൽ 31.3.2019 വരെ |
| വെറ്റിനറിസർജൻ. | ഡോ.ജെറിൻ.ടി.ജോർജ്ജ് | 1.4.2018 മുതൽ 31.3.2019 വരെ |
| കൃഷിഓഫീസർ. | ശ്രീമതി.ജോജിമറിയം ജോർജ്ജ് | 1.4.2018 മുതൽ 5.8.2018 വരെ |
| | ശ്രീമതി.സിന്ധു.എൽ | 6.8.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി.ദീപശ്രീ.വി.എസ് | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | ഡോ.റാണി ചന്ദ്രൻ. | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിനി | 1.4.2018 മുതൽ 31.3.2019 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്മിത.എസ് | 1.4.2018 മുതൽ 31.3.2019 വരെ |
| .എച്ച്.എം | ശ്രീ.ശാമുവേൽ.വൈ | 1.4.2018 മുതൽ 31.3.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീ.ബാബു ശാമുവേൽ | 1.4.2018 മുതൽ 31.3.2019വരെ |

# ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പദ്ധതി നടത്തിപ്പിനായി ലഭിച്ചതുകയിൽ 42,89,611/- രൂപ ലാപ്സാക്കി | 1-12 |
| 13 | ഇ.എം.എസ് ഭവന പദ്ധതി-അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 1-13 |
| 14 | പാങ്കുളം- മുകുളുവിള റോഡ് -മെറ്റലിംഗ് ,ടാറിംഗ്- സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 15 | വട്ടവിളപ്പടി-ബാലഗിരി റോഡ് കലുങ്ക് നിർമ്മാണം-പൊളിച്ചെടുത്ത പാറ ഉപയോഗിച്ചിട്ടില്ല | 1-15 |
| 16 | 60 വയസ്സിന് മുകളിൽ പ്രായമായവർക്ക് കട്ടിൽ -കുറഞ്ഞ നിരക്കിലുള്ള ഇനം ഒഴിവാക്കി | 1-16 |
| 17 | പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ -സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി | 1-17 |
| 18 | മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 19 | വിദ്യാർഥികൾക്ക് പഠനമുറി -പണി പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 20 | കുഴിച്ചെടുത്ത മണ്ണിനേക്കാൾ അധികം ഫില്ലിംഗിനായി ഉപയോഗിച്ചതായി കാണിച്ച് അധികം തുക നൽകി | 1-20 |
| 21 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല 33720/- രൂപയുടെ നഷ്ടം | 1-21 |
| 22 | വട്ടവിളപ്പടി – ബാലഗിരി റോഡ് കലുങ്ക് നിർമ്മാണം – പൊളിച്ചെടുത്ത പാറ ഉപയോഗിച്ചിട്ടില്ല. | 1-22 |
| | | |

| | | |
|---|---|---|
| | ഭാഗം 2<br>വ്യക്തമായ വരവ്നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല 33,720/- രൂപയുടെ നഷ്ടം | 3-1 |
| 24 | കുഴിച്ചെടുത്ത മണ്ണിനേക്കാൾ അധികം ഫില്ലിംഗിനായി ഉപയോഗിച്ചതായി കാണിച്ച് അധികം തുക നൽകി | 3-2 |
| 25 | പാങ്ങളം-മുക്കുളവിള റോഡ്-മെറ്റലിംഗ്-ടാറിംഗ് പ്രവൃത്തി സമയ പരിധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല. | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | അനുബന്ധം – 1, ഓഡിറ്റ് സാക്ഷ്യപത്രം , 2018 – 2019 | 1 |
| 38 | അനുബന്ധം – 2, അനുബന്ധ പത്രികകൾ | 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.3.2018 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12.2.2019 തീയതിയിലെ 12(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 12.5.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19,95,199 |
| വരവ് | 6,02,81,826 |
| ആകെ | 6,22,77,025 |
| ചെലവ് | 5,50,28,961 |
| നീക്കിയിരിപ്പ് | 72,48,064 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11309520 | 11309520 | 10464569 | 844951 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6823000 | 6823000 | 6461232 | 361768 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 111000 | 111000 | 0 | 111000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12104000 | 12104000 | 11032357 | 1071643 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2595303 | 184697 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6992493 | 6992493 | 5276941 | 1715552 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| വിമുക്തി | | 37500 | 25000 | 62500 | 35164 | 27336 |
| ശുചിത്വമിഷൻ | | 697235 | 1225788 | 1923023 | 130000 | 1793023 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 22833268 | 22833268 | 22833268 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 36120 | 533217 | 569337 | 553820 | 15517 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 505716 | 910681 | 1416397 | 389007 | 1027390 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് | 1308326 | 3822230 | 5130556 | 4075636 | 1054920 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 160 | 722796 | 722956 | 496126 | 226830 |
| ബി ഫണ്ട് | | 0 | 161520 | 161520 | 161520 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | -186775 | 7701182 | 7014407 | 6887670 | 126737 |
| | ട്രഷറി അക്കൗണ്ട് | 96917 | 7895323 | 7992240 | 5015929 | 2976311 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 72335992 | 126 | 44443422 | 9 | 55 | 66% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

ഗ്രാമപഞ്ചായത്തിന്റെ വികസന , ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 3529946 | 2779026 | 79 |
| അസി.എഞ്ചിനീയർ | 106 | 64 | 31866233 | 16550153 | 52 |
| കൃഷിഓഫീസർ | 6 | 6 | 1805124 | 1800124 | 100 |
| വെറ്റിനറി സർജൻ | 7 | 6 | 3763600 | 2909050 | 77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1160000 | 841150 | 73 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 165000 | 164000 | 99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 5759839 | 3014619 | 52 |
| വി.ഇ.ഒ | 29 | 23 | 23068750 | 15383900 | 67 |
| എച്ച്.എം | 6 | 5 | 1067500 | 851400 | 80 |

കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനും അവ പൂർണ്ണമായും നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ മൃഗസംരക്ഷണ മേഖലകളുടെ പുനരുജ്ജീവനത്തിനും ഉല്പാദനവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ട് ആശയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന്കഴിഞ്ഞിട്ടില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ ഭൂരിഭാഗവും പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയ വി.ഇ.ഒ വകയിരുത്തിയ തുകയിൽ 67 ശതമാനം ചെലവഴിച്ചു. വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിൽ പഠനമുറി നൽകൽ 2 ഗുണഭോക്താക്കൾ പൂർത്തീകരിച്ചിട്ടില്ല. വികസന മേഖലയിൽ പശ്ചാത്തലമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർക്ക് നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിലെ പ്രശ്ന സാദ്ധ്യതകൾ വിലയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഊന്നൽ കൊടുക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 36120 | 533217 | 569337 | 553820 | 15517 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22833268 | 22833268 | 22833268 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131520 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 1852400 | 148 |
| വിധവാപെൻഷൻ | 10249500 | 903 |
| വാർദ്ധക്യകാലപെൻഷൻ | 16127200 | 1490 |
| വികലാംഗപെൻഷൻ | 2765300 | 233 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായവർക്കുള്ള പെൻഷൻ | 322000 | 31 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 26.9.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,369/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

<u>എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.. വാർഡ്തലത്തിൽ ഫീൽഡ് വേരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നു. ആയതിൻപ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഇവ ഈടാക്കാനും ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

<u>ബി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്</u>

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രദിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡി എന്നിവ മുഖേനയും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

<u>സി) അനിവാര്യചുമതലകളുടെ നിർവ്വഹണം</u>

കേരളാപഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

## <u>ഡി) ആസ്തികളുടെ സംരക്ഷണം</u>

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.7.2019 | 6/2019 | 24.9.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.3.2017-15.3.2017 | 2011-12-2015-16 | 20.4.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. ഇ.എം.എസ് ലോൺ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല.

2.റ്റി.എസ്.ബി ജോയിന്റ് അക്കൗണ്ട് നീക്കിയിരിപ്പ് തുക - 1,17,14,990/- രൂപയും ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പ് തുക - 12,81,750/- രൂപയുമാണ്.

3.പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 2017-18 വർഷം ഒടുക്കാനുണ്ടായിരുന്ന തുകയിൽ നിന്നും 78,279/- രൂപ ഒടുക്കുവരുത്താതെ തന്നെ ലയബലിറ്റിയിൽ നിന്നും ഒഴിവാക്കി ശേഷിക്കുന്ന തുകയാണ് ബി.9- ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

4. ആസ്തിയുടെ മൂല്യം കാലികമാക്കിയില്ല.

***<u>ABSRACT OF DEFECTS/ DISCREPANCIES</u>***

1. Balance amount regarding EMS loan is not included in the AFS.

2.As per the Balance sheet of Block, Jilla panchayath share remaining un utilised during 2018-19 is Rs.1281750/-. This is not in agreement with the balance remaining in the joint venture account, Rs. 1171990/-.

3.From the amount due for remittance towards Pension Contribution, Rs. 78279/- is excluded from liability even though it is not remitted. The remaining balance is included in the B9 Schedule.

4.Details of Asset created is not updated.

## 1-12 പദ്ധതി നടത്തിപ്പിനായി ലഭിച്ചതുകയിൽ 42,89,611/-രൂപ ലാപ്സാക്കി

ദൈനം ദിന ചെലവുകൾക്കു പോലും ഗ്യാപ്പ്ഫണ്ടിനെ ആശ്രയിക്കേണ്ടി വരുന്ന ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി വർഷം ലഭിച്ച 4,01,20,013/-രൂപയിൽ 42,89,611/-രൂപ വിനിയോഗിക്കാതെ ലാപ്സാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭിച്ച തുക | വിനിയോഗിക്കാതെ ലാപ്സാക്കിയ തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 11309520 | 844951 |
| വികസന ഫണ്ട്-എസ്.സി.പി | 6823000 | 361768 |
| വികസന ഫണ്ട്-ടി.എസ്.പി | 111000 | 111000 |
| മെയിന്റനൻസ്, റോഡ് | 12104000 | 1071643 |
| മെയിന്റനൻസ്, നോൺ-റോഡ് | 2780000 | 184697 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6992493 | 1715552 |
| | 40120013 | 4289611 |

മിച്ച ഫണ്ട് ഉപയോഗിക്കുകയും വികസനപ്രവർത്തനങ്ങൾക്കായി തനത് വരുമാനം ഉപയാഗിക്കാനില്ലാത്തതുമായ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന മുഴുവൻ തുകയും വിനിയാഗിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-13 ഇ.എം.എസ് ഭവന പദ്ധതി-അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള അക്കൌണ്ടിൽ നിലവിൽ (1.10.2019) 1,60,831/- രൂപ അവശേഷിക്കുന്നു. ടി തുക സർക്കാർ നിർദ്ദേശാനുസരണം മറ്റ് ഭവന പദ്ധതിക്കായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ലോൺ തുക പൂർണ്ണമായും ഒടുക്കു വരുത്തുവാൻ വികസന ഫണ്ട് ഉപയോഗിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കോ തിരിച്ചടയ്ക്കേണ്ടതാണ്.

## 1-14 പാങ്കുളം- മുകുളുവിള റോഡ് -മെറ്റലിംഗ് ,ടാറിംഗ്- സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല

പ്രോജ. നം - 53/18

പദ്ധതി അടങ്കൽ - 2,00,000/- രൂപ

എഗ്രി നം -തീയതി -38/17-18 dt 6-1-18

എം.ബുക്ക് – 99/18

എഗ്രീഡ് പി.എ.സി -1,98,557/-

ബിൽ നം.തീയതി - 64/17-18/26-3-19

സൈറ്റ് കൈമാറിയ തീയതി -6/1/18

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 5-4-18

പ്രവൃത്തി പൂർത്തീകരിച്ചതീയതി -1-3-19

2017-18-ൽ ആരംഭിച്ചിട്ടുള്ളതും 2018-19 വർഷം സ്പിൽഓവറായി നടപ്പിലാക്കിയതുമായ പാങ്കുളം-മുക്കുളവിള റോഡ്-മെറ്റലിംഗ്-ടാറിംഗ് എന്ന പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല. ജി.ഒ.(പി)13/12/pwd, dt 1-2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അതത് നിർവ്വഹണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾമൂലം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളൂ. പൂർത്തീകരണ കാലാവധിക്കകം തന്നെ ദീർഘീകരണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. പ്രസ്തുതപ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നല്കിയിട്ടില്ല. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും ഫൈൻ ഇല്ലാതെ ബിൽ അനുവദിച്ച് നല്കിയ നടപടി അംഗീകരിക്കാവുന്നതല്ല. 2012-ലെ പുതുക്കിയ പി ഡബ്ല്യൂ ഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയിൽ ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

5-4-18 മുതൽ 1-3-19 വരെ 298 ദിവസത്തേക്ക് -330/7= 47x199 = 9,353/-രൂപ

ഇതു സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതാണെന്ന് എ ഇ അറിയിച്ചിട്ടുണ്ട്.

പിഴയിനത്തിൽ ഈടാക്കാനുള്ള 9,353/-രൂപ കരാറുകാരനിൽ നിന്നോ , ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**ആഡിറ്റ് എൻക്വയറി നം – 7/3-10-19**

**നിരാകരണം – 9,353/-രൂപ**

## 1-15 ലൈഫ് പദ്ധതി

ലൈഫ് പദ്ധതി (ജനറൽ), ലൈഫ് പദ്ധതി (എസ്സ്.സി), എന്നിവയിൽ 2018-19 വർഷം 21 പേർ കരാർ വെയ്ക്കുകയും 17 പേർ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതി (ജനറൽ) നുവേണ്ടി ഹഡ്കോയിൽ നിന്നും 17,92,266- രൂപ വായ്പയെടുത്തിട്ടുണ്ട്. ആയതിൽ 156420/- രൂപ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി യുടെ പേര് | കരാർ വച്ച ഗുണഭോക്താക്കൾ | ആദ്യഗഡു മാത്രം കൈപ്പറ്റിയവർ | രണ്ടു ഗഡു വരെ മാത്രം കൈപ്പറ്റിയവർ | മൂന്ന ഗഡു വരെ മാത്രം കൈപ്പറ്റിയവർ | പണിപൂർത്തിയാക്കിയവർ | ആകെ ചെലവ് |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി (ജനറൽ) | 17 | 1 | - | 2 | 14 | 6300000 |
| ലൈഫ് പദ്ധതി (എസ്സ്.സി) | 4 | - | - | 1 | 3 | 1500000 |
| ആകെ | 21 | 1 | | 3 | 17 | 7800000 |

## 1-16 60 വയസ്സിന് മുകളിൽ പ്രായമായവർക്ക് കട്ടിൽ -കുറഞ്ഞ നിരക്കിലുള്ള ഇനം ഒഴിവാക്കി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| പദ്ധതി,നം | 60 വയസ്സിന് മുകളിൽ പ്രായമായവർക്ക് കട്ടിൽ (സ്പിൽ ഓവർ) (135/19) |
| അടങ്കൽ തുക | 312000/- (വികസന ഫണ്ട് എസ്.സി) |
| ചെലവ് തുക | 310835/- |

60 വയസ്സിന് മുകളിൽ പ്രായമായവർക്ക് കട്ടിൽ എന്ന പദ്ധതിയിലേയ്ക്കായി ടെണ്ടർ വിളിക്കുകയും ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന്റെ കട്ടിലിന് ഗുണമേന്മയില്ല എന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റീടെണ്ടർ വിളിക്കുകയും റീടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടേയും ക്വാട്ട് ചെയ്ത നിരക്കിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രീൻ ഫെയർ മാർക്കറ്റിംഗ് ചാത്തന്നൂർ | തമ്പുരാൻ കാലയിൽ | റിമാർക്സ് |
|---|---|---|
| Hard Wood-3609/-<br>ആഞ്ഞിലി -3709/-<br>മഹാഗണി-3809/- | മഹാഗണി-3745/-<br>മഹാഗണി-3894/- | |

മഹാഗണി കട്ടിലിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും മഹാഗണിയിൽ ഏറ്റവും കുറഞ്ഞ നിരക്കായ 3,745/-രൂപയുള്ള കട്ടിലാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് നിരക്കിലുള്ള Hard Wood-3,609/-രൂപ ആണ് ഗ്രീൻ ഫെയർ മാർക്കറ്റിംഗ് ചാത്തന്നൂർ ക്വാട്ട് ചെയ്തിരിക്കുന്നത്. കൂടാതെ ടി സ്ഥാപനം ആഞ്ഞിലിയ്ക്ക് 3,709/-രൂപ ക്വാട്ട് ചെയ്തിരുന്നു. ടി സ്ഥാപനം മേൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതിരിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്ത് പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ 7.12.2017 ലെ തീരുമാന പ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ 8.12.17 ലെ തീരുമാന പ്രകാരവുമാണ് ഗുണമേന്മ മുൻ നിർത്തി മഹാഗണി കട്ടിൽ വാങ്ങിയിട്ടുള്ളത് എന്നാണ്. എന്നാൽ ഗുണമേന്മയെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കുറഞ്ഞ നിരക്കിലുള്ള ഇനം ഒഴിവാക്കിയത് മൂലമുണ്ടായ അധിക ചെലവ് തുകയായ 11,288/-(3745-3609=136x83)രൂപ തടസ്സപ്പെടുത്തുന്നു. ഗുണമേന്മയെ സംബന്ധിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ലഭ്യമാക്കിയും, മതിയായ വിശദീകരണം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-5/28.9.19**
**തടസ്സപ്പെടുത്തിയ തുക-11,288/- രൂപ**

## 1-17 പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ -സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പദ്ധതി നം. | പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ (53/19) |
| അടങ്കൽ തുക | 100000/(റോഡിതര ഫണ്ട്) |
| ചെലവ് തുക | 97900/-<br>ബിൽ നം.(6/18-19/15.10.18) |

പി.എച്ച്.സിക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയിട്ടുള്ളതായി കാണുന്നു. ജി.ഒ.ആർ.ടി 3299/2016/ത.സ്വ.ഭ.വ,തീയതി 2.12.16 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നത് മാത്രമാകേണ്ടതാണെന്നും അല്ലാത്തവ പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ പരസ്യംകൂടാതെ നേരിട്ട് സിഡ്കോയിൽ നിന്ന് പി.എച്ച്.സിക്ക് കമ്പ്യൂട്ടർ പ്രിന്റർ എന്നിവ വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സിഡ്കോ ഒരു ഗവൺമെന്റ് ഏജൻസിയായതിനാലും റേറ്റ് കോൺട്രാക്ട് ഉള്ളതിനാലും, പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരവുമാണ് എന്നാണ്. സ്വയം നിർമ്മിക്കുന്ന സാധന സാമഗ്രികൾ മാത്രം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ പരസ്യംകൂടാതെ നേരിട്ട് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ആഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായും മെഡിക്കൽ ഉപകരണങ്ങൾ

വാങ്ങുന്നതിനുമായി തുക മുൻകൂറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജ കിന്റെ വിവരം | മരുന്നു വാങ്ങുന്ന തിനായി നിക്ഷേ പിച്ച തുക/ സ്ഥാപനം/ബിൽ നം.തീയതി | ലഭിച്ച മരുന്നു കളുടെ വില | ലഭ്യമാക്കാ നവശേ ഷിക്കുന്ന മരുന്നു കളുടെ വില |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ, പ്രോജക്ട് നം 50/19, വികസനഫണ്ട് 5,00,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-3,00,000 ചെലവഴിച്ച തുക 4,83,250/- | 1,50,350/- (7/18-19/23.11.18) 1,21,200 രൂപ നിക്ഷേപിച്ചു KMSCL, TVM | - | 121,200 /- |
| 2 | പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ, പ്രോജക്ട് നം52/19, MGNR 2,00,000/- ചെലവഴിച്ച തുക 2,00,000/- | 2,00,000/- (8/18-19/23.11.19) KMSCL, TVM | 0 | 2,00,000/- |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-19 വിദ്യാർഥികൾക്ക് പഠനമുറി -പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി നം. | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി(77/19) |
| അടങ്കൽ തുക | 13,50,000/- (വികസന ഫണ്ട്എസ്.സി.പി) |
| ചെലവ് തുക | 700000/- |

ടി പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 1,50,000/- രൂപ വീതം അനുവദിച്ച് നൽകാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ഗോപി,അഖിൽ ഭവനം, ഗോവിന്ദമഠം വാർഡ് | 50000/- (52/18-19/22.1.19- 50000/-) | |
| | | | |

| | | | |
|---|---|---|---|
| 2 | ലത, സുനിതാഭവനം, മാർക്കറ്റ് വാർഡ് | 75000/- (52/18-19/22.1.19-50000/-) (69/18-19/27.3.19-25000/-) | |

ടി വിഷയം സംബന്ധിച്ച് വ്യക്തമാക്കിയിട്ടുള്ളത് ബാക്കി തുക നൽകി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ്. അടിയന്തിരമായി പണി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കിക്കേണ്ടതാണ്.

## 1-20 കുഴിച്ചെടുത്ത മണ്ണിനേക്കാൾ അധികം ഫില്ലിംഗിനായി ഉപയോഗിച്ചതായി കാണിച്ച് അധികം തുക നൽകി

ആറാട്ടുപുഴ-ഇളമംഗലം റോഡ് പാർശ്വഭിത്തി നിർമ്മാണം – 106/19

കരാറുകാരൻ- ശ്രീ.ശശി

ബിൽ നം. – 58/28.3.2019

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനപ്രകാരം കുഴിച്ചെടുത്ത മണ്ണ് 10.4 $m^3$ ആണ്. എന്നാൽ കുഴിച്ചെടുത്ത മണ്ണിൽ എട്ടാം ഇനം പ്രകാരം 14.4 $m^3$ മണ്ണ് ഫിൽ ചെയ്തതിന് $m^3$ ന് 186.16/- രൂപ നിരക്കിൽ 2680.7/- രൂപ നൽകി. കുഴിച്ചെടുത്ത മണ്ണിനുപരിയായി 4 $m^3$ അളവിൽ ഫില്ലിംഗ് നടത്തിയതായി കാണിച്ച് പ്രതിഫലം നൽകിയത് അംഗീകരിക്കാനാവില്ല. വിശദവിവരം ഖണ്ഡിക 3-2 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 കാലി ബാരൽ വില ഈടാക്കിയിട്ടില്ല 33,720/- രൂപയുടെ നഷ്ടം

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ടാറിംഗിന് ഡി.എസ്.ആർ പ്രകാരം ബൾക്ക്ബിറ്റുമിന് അനുവദനീയമായ നിരക്ക് ഉൾപ്പെടുത്തി നൽകുകയും എന്നാൽ പാക്ക്ഡ് ബിറ്റുമിൻ വാങ്ങി ഉപയോഗിച്ച സാഹചര്യത്തിൽ ബില്ലിൽനിന്നും ബാരൽവില ഈടാക്കുകയും ചെയ്തിട്ടില്ല. വിവിധ പ്രവൃത്തികളിലായി ബാരലിന്റെ വില 18 ശതമാനം GST ഉൾപ്പെടെ ഈടാക്കാത്തതിനാൽ വിവിധ പ്രവൃത്തികളിലായി 33,720/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിൽ തയ്യാറാക്കുന്ന വേളയിലെ വീഴ്ചമൂലമാണ് മേൽപ്രകാരം നഷ്ടം ഉണ്ടായിട്ടുള്ളത് എന്ന് കാണുന്നു. ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഷ്ടത്തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 3/28.09.19**

## 1-22 ലേലം നടന്നിട്ടില്ല

ഗോവിന്ദമഠം, കട്ടവാത്തോട് വാർഡുകളിൽ അപകടകരമായി സ്ഥിതി ചെയ്യുന്ന ആഞ്ഞിലി ,പാല എന്നീ വൃക്ഷങ്ങളും , ഏറത്ത് വടക്ക് വാർഡിലെ അങ്കണവാടി നിർമ്മാണത്തിന് ശിശുവിഹാറിൻറെ സമീപത്ത് നിന്ന വട്ട , ആഞ്ഞിലി മുറിച്ചിട്ടതും ലേലം ചെയ്തിട്ടില്ല.

13/6/2017 ലെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് നം. SA3-1461/16 പ്രകാരം ആഞ്ഞിലി ,പാല എന്നിവയ്ക്ക് 24226/-രൂപയും, 27/6/2018 ലെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് നം. SA3855/18 പ്രകാരം 3 ആഞ്ഞിലി , വട്ട, പാല എന്നിവയ്ക്ക് 34,357/-രൂപയും വില നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ ലേലം നടന്നിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല എന്ന മറുപടിയാണ് ലഭിച്ചത്. പുനർലേലവും നടക്കാത്ത സാഹചര്യത്തിൽ 7/1/2019 ലെ 11 ാം നം.തീരുമാനപ്രകാരം വാല്യുവേഷൻ തുകയിൽ നിന്ന് 25 ശതമാനം കുറവ് ചെയ്ത് 19/1/2019 ൽ പുനർലേലം ചെയ്യുന്നതിനും, കുറവ് ചെയ്തത് സാധൂകരിക്കുന്നതിനും, ജില്ലാ ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**എൻക്വയറി നം. – 2 /26.9.2019**

## 1-23 വട്ടവിളപ്പടി-ബാലഗിരി റോഡ് കലുങ്ക് നിർമ്മാണം- പൊളിച്ചെടുത്ത പാറ ഉപയോഗിച്ചിട്ടില്ല

പ്രോജ നം - 183-19

പദ്ധതി അടങ്കൽ - 2,28,288/-രൂപ

എഗ്രി നം -തീയതി -48/ae/lsgd/17-18 dt 15-3-18

എം ബുക്ക് -57/17-18

ബിൽ നം-തീയതി -19/18-19dt 17-8-18

പ്രവൃത്തിയുടെ ഒന്നാം ഇനമായി നിലവിലുണ്ടായിരുന്ന കലുങ്ക് പൊളിച്ചെടുത്ത് പുനരുപയോഗ്യമായവ അടുക്കിവയ്ക്കുന്നതിന് 6.60 $m^3$ ന് 1488.84/$m^3$ രൂപ നിരക്കിൽ 9,826.34/- രൂപ ചെലവഴിച്ചിട്ടുണ്ട്. പുതിയ കലുങ്ക് കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചതിനാൽ പൊളിച്ചെടുത്ത പാറയുടെ ഉപയോഗം ഇല്ല.

പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ പൊളിച്ചെടുത്ത പാറ നാളിതുവരെ ഉപയോഗിക്കാതെ കലുങ്കിനോട് ചേർന്നുള്ള സ്വകാര്യ വസ്തുവിൽ ഉപേക്ഷിച്ചനിലയിൽ കിടക്കുന്നതായി ബോദ്ധ്യപ്പെട്ടു. ടി പാറയുടെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തുകയോ ലേലംചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല. ഇതുമൂലം പഞ്ചായത്തിന് 4455/-(75% of 6.60 $m^3$x 900/$m^3$= 4,455/-) രൂപയോളം നഷ്ടം

വന്നിട്ടുണ്ട്. ആയതിനാൽ ടി പാറ ലേലം ചെയ്തു നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

• •

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കാലിബാരൽ വില ഈടാക്കിയിട്ടില്ല-33,720/- രൂപ നഷ്ടം

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാക്ക്ഡ്ബിറ്റുമിന് ബാരൽ വില കൂടി ഉൾപ്പെടുത്തിയ നിരക്ക് ഉൾപ്പെടുത്തി നൽകുകയും എന്നാൽ പാക്ക്ഡ് ബിറ്റുമിൻ വാങ്ങി ഉപയോഗിച്ച സാഹചര്യത്തിൽ ബില്ലിൽനിന്നും ബാരൽവില ഈടാക്കുകയും ചെയ്തിട്ടില്ല. കാലിബാരലിന്റെ വില ഈടാക്കാത്തതിനാൽ 33720/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | കരാറുകാരന്റെ വിവരം | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281 | പ്രവത്തി ബിൽ തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| മുള്ളൻകുഴി മഞ്ചാടിമുക്ക് റോഡ് റീടാറിംഗ്, 165/19 | 3200.65kg | ശ്രീ.ശശി.എസ് | 20 | 5620 | 400840/- | 62/27.3.19 |
| കുരിശ്ശിൻമൂട്-പുലയരഴികത്ത് റോഡ് റീടാറിംഗും പാർശ്വഭിത്തി നിർമ്മാണവും 143/19 | 1595.18kg | ശ്രീ.മധു.ബി | 10 | 2810 | 279310/- | 9/24.5.2018---193553:24.8.18--85757/- 21/ |
| വട്ടവിളുടി റോഡ് റീടാറിംഗ്164/19 | 2442.56kg | ശ്രീ.ശശി | 15 | 4215 | 298955/- | 27/25.1..2019 |
| വാഴവേലിക്കുന്ന് പരുമല ജംഗ്ഷൻറോഡ് റീടാറിംഗ്,163/19 | 2211.68kg | ശ്രീ.ശശി | 14 | 3934 | 272116/- | 28/25.11.2018 |
| പടിഞ്ഞാറേവിള അംബേദ്കർ-ഗോവിന്ദമഠം പള്ളത്തുവിള റോഡ് റീടാറിംഗ്, ,160/19 | 3329.97kg | ശ്രീ.ശശി | 21 | 5901 | 749972/- | 30/30.11.2018 |
| ചാപ്പൽപടി-ശാസ്തമംഗലം റോഡ് റീടാറിംഗ്,160/19 | 1022.93kg | ശ്രീ.ശശി | 6 | 1686 | 299843/- | 44/5.1.2019 |
| മണയറ-എരമത്ത്പടിഞ്ഞാറ് റോഡ് റീടാറിംഗ്,,161/19 | 5385.19kg | ശ്രീ.ശശി | 34 | 9554 | 672468/- | Bill no-2019-20 ലാണ് ഫൈനൽ ബിൽ നൽകിയത്. |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 33720 | | |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഷ്ടത്തുക 33,720/- രൂപയിൽ 2018-19 വർഷത്തെ അധികചെലവ് 24,166/-രൂപയുടെ വിനിയോഗം നിരാകരിക്കുന്നു. നിരാകരിച്ച തുക ഉൾപ്പെടെ 33,720/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 3/28.9.2019**

## 3-2 കുഴിച്ചെടുത്ത മണ്ണിനേക്കാൾ അധികം ഫില്ലിംഗിനായി ഉപയോഗിച്ചതായി കാണിച്ച് അധികം തുക നൽകി

ആറാട്ടുപുഴ- ഇളമംഗലം റോഡ് പാർശ്വഭിത്തി നിർമ്മാണം – 106/19

കരാറുകാരൻ- ശ്രീ.ശശി

ബിൽ നം-58/28.3.2019

പ്രവൃത്തിയുടെ ഒന്നാം ഇനപ്രകാരം കുഴിച്ചെടുത്ത മണ്ണ് 10.4 $m^3$ആണ്. എന്നാൽ കുഴിച്ചെടുത്ത മണ്ണിൽ 14.4 $m^3$ മണ്ണ് ഫിൽ ചെയ്തതിന് $m^3$ ന് 186.16/- രൂപ നിരക്കിൽ 2680.7/- രൂപ നൽകി. കുഴിച്ചെടുത്ത മണ്ണിനുപരിയായ 4 $m^3$ അളവിൽ ഫില്ലിംഗ് കാണിച്ച് എം ന് 186.16/- രൂപ നിരക്കിൽ 745/- രൂപ അധികതുക നൽകിയതിനും ഫില്ലിംഗിനായി പ്രത്യേക ഇനം ഉൾപ്പെടുത്തി തുക നൽകിയതും വിശദീകരിക്കേണ്ടതാണ് എന്നു കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഒടുക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നഷ്ടത്തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 പാങ്കുളം-മുകൂളവിള റോഡ്-മെറ്റലിംഗ്-ടാറിംഗ് പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല.

പ്രോജ. നം - 53/18

പദ്ധതി അടങ്കൽ - 2,00,000/- രൂപ

എഗ്രി നം -തീയതി -38/17-18 dt 6-1-18

എം.ബുക്ക് – 99/18

എഗ്രീഡ് പി.എ.സി -1,98,557/-

ബിൽ നം.തീയതി - 64/17-18/26-3-19

സൈറ്റ് കൈമാറിയ തീയതി -6/1/18

പ്രവൃത്തി പൂർത്തീകരണതീയതി -5-4-18

പ്രവൃത്തി പൂർത്തീകരിച്ചതീയതി -1-3-19

2017-18-ൽ ആരംഭിച്ചിട്ടുള്ളതും 2018-19 വർഷം സ്പിൽഓവറായി നടപ്പിലാക്കിയതുമായ പാങ്ങളം – മുക്കുളവിള റോഡ്-മെറ്റലിംഗ്-ടാറിംഗ് എന്ന പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല. ജി.ഒ.(പി)13/12/pwd, dt – 01.02.12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അതത് നിർവ്വഹണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾ മൂലം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളൂ. പൂർത്തീകരണ കാലാവധിക്കകം തന്നെ ദീർഘീകരണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നല്കിയിട്ടില്ല. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും ഫൈൻ ഇല്ലാതെ ബിൽ അനുവദിച്ച് നല്കിയ നടപടി അംഗീകരിക്കാവുന്നതല്ല. 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ച്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.പ്രസ്തുത പ്രവൃത്തിയിൽ ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

5-4-18 മുതൽ 1-3-19 വരെ 331 ദിവസത്തേക്ക് – 331/7= 47x199 = 9353/-രൂപ

ഇതു സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരനിൽനിന്നും പിഴ ഈടാക്കുന്നതാണെന്ന് എ ഇ അറിയിച്ചിട്ടുണ്ട്.

പിഴയിനത്തിൽ ഈടാക്കാനുള്ള 9,353/-രൂപ കരാറുകാരനിൽ നിന്നോ ,ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**ആഡിറ്റ് എൻക്വയറി നം.- 7/3-10-19**

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.8.19 & 22.8.19 | കെ.എസ്.എ.കെ.എൽ.എം.പി.9/1359/2019/3.9.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം | 2018-19 | 600000 | ലൈഫ് പദ്ധതി(ജനറൽ) | 592729 | 72769 |
| | | 645201 | ലൈഫ് പദ്ധതി(എസ്.സി.പി) | 0 | 645201 |
| | | 111545 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 40150 | 71395 |
| | | 100000 | പൂരകപോഷകാഹാരം | 100000 | 0 |
| | | 1600000 | റോഡ് പദ്ധതി | 1597030 | 2970 |
| | | 65484 | നെൽകൃഷിവികസനം | 65484 | 0 |
| | | 200000 | വൃദ്ധർക്ക് കട്ടിൽ | 0 | 200000 |
| | | 500000 | വാട് മെയിന്റനൻസ് | 380000 | 120000 |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2018-19 | 36567 | നെൽകൃഷിവികസനം | 36567 | 0 |
| | | 110000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 63336 | 46664 |
| | | 100000 | പൂരകപോഷകാഹാരം(ജനറൽ) | 99991 | 9 |
| | | 221430 | ലൈഫ് പദ്ധതി(ജനറൽ) | 221430 | 0 |
| | | 154799 | ലൈഫ് പദ്ധതി(എസ്.സി.പി) | 0 | 154799 |
| | | 100000 | പൂരകപോഷകാഹാരം(എസ്.സി.പി) | 0 | 100000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് ലൈൻ നീട്ടൽ | ലഭ്യമല്ല. | 3,07,500 | 0 | 3,07,500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,92,268/- രൂപ വരവുണ്ട്. മുൻബാക്കി 17,92,268/- രൂപയിൽ 16,35,848/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്)111/18/13.8.2018 | 1792268 | 0 | 0 | | 1792268 |

•

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2 (5) | 2016-2017 | അദ്ധ്യായം 1 | വസ്തുനികുതി പിരിച്ചെടുക്കാൻ ശേഷിക്കുന്ന 6,64,596 രൂപ സംബന്ധിച്ച് | ആയതിന് മറുപടി നൽകിയിട്ടുണ്ട്. |
| 2014-2015 | 2 (4) | 2016-2017 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | ---- |
| 2014-2015 | 2 (3) | 2016-2017 | | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | സെൻ്റ് മേരീസ് കാഷ്യൂ ഫാക്ടറി 01.08.2017 തീയതിയിലെ 11010100702-ാം നമ്പർ രസീത് പ്രകാരം തുക അടച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62,27,7025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,50,28,961 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 34,264/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,288/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24166/- | ശ്രീമതി.ഷീജാ.ബി.റാണി, അസി.എഞ്ചിനീയർ(21356/-) |
| | | | ശ്രീമതി.ഉഷാകുമാരി, അസി.എഞ്ചിനീയർ(2810/-) |
| 3-2 | | 745/- | ശ്രീമതി.ആതിരാബാബു, അസി.എഞ്ചിനീയർ |
| 3-3 | | 9353/- | ശ്രീമതി.ആതിരാബാബു, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 11,288 | ശ്രീമതി.സ്മിത.എസ്, എെ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീജാ.ബി.റാണി, അസി.എഞ്ചിനീയർ | ലഭ്യമല്ല. | റ്റി.സി 4/198-1, വയലിക്കടറോഡ്, കുറവൻകോണം |
| ശ്രീമതി.ഉഷാകുമാരി, അസി.എഞ്ചിനീയർ | ലഭ്യമല്ല. | ജെ.റ്റി.എസ് ഭവൻ, അലയമൺ പി.ഒ |
| ശ്രീമതി.ആതിരാബാബു, അസി.എഞ്ചിനീയർ | ലഭ്യമല്ല. | കരുണ.MERA190, മുണ്ടയ്ക്കൽ ഈസ്റ്റ് , കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-2002 | കെ.എസ്.എ.കെ.എൽ.എം പി-9 -382(8)/18 dt – 23.2.18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം പി-9 -382(9)/18 dt – 23.2.18 | 1 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം പി-9 -382(10)/18 dt – 23.2.18 | 4 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം പി-9 -382(11)/18 dt – 23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം പി-9 -382(12)/18 dt – 23.2.18 | 3 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം പി-9 -745(1)/19 | 6 |

| | | |
|---|---|---|
| | dt – 31.5.2019 | |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം പി-9 -745(2)/19 dt – 31.5.2019 | 8 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം പി-9 -745(3)/19 dt – 31.5.2019 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം പി-9 -745(4)/19 dt – 31.5.2019 | 5 |
| 2010-2011 &2011-2012 | കെ.എസ്.എ.കെ.എൽ.എം പി-9 -745(5)/19 dt – 31.5.2019 | 10 |
| 2012-2013 &2013-2014 | കെ.എസ്.എ.കെ.എൽ.എം പി-5 /1483/2015/ 17-09-15 | - |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം പി-5 -1180/2016 dt – 04-08-2016 | - |
| 2015 -2016 | കെ.എസ്.എ.കെ.എൽ.എം പി-5 -215/2017 dt – 10-02-2017 | - |
| 2016 -2017 | കെ.എസ്.എ.കെ.എൽ.എം പി-9 -1928/2017 dt – 21.11-2017 | - |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം പി-9 -1928/2017 dt – 21.11-2017 | - |

*ഡെപ്യൂട്ടി ഡയറക്ടർ,*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19

നം:കെ.എസ്.എ.കെ.എൽ.എം.പി.9/1508/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി:19/11/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**No.KSA.KLM.P 9/1508/2019 , Dated – 19/11/2019**

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Pattazhi Vadakkekkara** Grama Panchayath for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pattazhi Vadakkekkara** Grama Panchayath for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

*DEPUTY DIRECTOR*
*Kerala State Audit Department*
*District Office, Kollam*

# അനുബന്ധം - 2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**